# പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 ആഗസ്റ്റ് 10, വ്യാഴാഴ്ച

**നമ്പർ 116**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

താനൂരിൽ പോലീസ് കസ്റ്റഡിയിലെടുത്തതിനുശേഷം ക്രൂരമായ മർദ്ദനത്തിന് ഇരയായ താമിർ ജിഫ്രി എന്ന യുവാവ് പോലീസ് കസ്റ്റഡിയിൽ മരിച്ച സംഭവത്തെ തുടർന്ന് ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും, പ്രതിഷേധവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട പരാതികളും ബുദ്ധിമുട്ടുകളും പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സ്പൈനൽ മസ്കുലാർ അട്രോഫി ഉൾപ്പെടെയുള്ള അപൂർവ്വ രോഗങ്ങൾ ബാധിക്കുന്ന കുട്ടികൾക്ക് ചികിൽസാ ധനസഹായം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. കെ. ബഷീർ ആരോഗ്യ-വനിത-ശിശുവികസന വകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 866/2023 (i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങൾക്കുള്ള മറുപടി മേശപ്പുറത്ത് വച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ജോയി | ദേശീയപാതാ വികസനത്തിന്റെ ഭാഗമായി വർക്കല-ശിവഗിരി വഴി അടയുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. വി. അൻവർ | യൂട്യൂബ് ചാനലുകളുടെ നിയന്ത്രണം | മുഖ്യമന്ത്രി |
| 3 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാസർഗോഡിലെ താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4 | ശ്രീ. ജോബ് മൈക്കിൾ | സചിവോത്തമപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ വാർഡ് | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 5 | ശ്രീ. ഷാഫി പറമ്പിൽ | നെൽ കർഷകരുടെ നെല്ല് സംഭരണവിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രൊജക്ട്, പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള ലൈൻ, കണ്ണമ്മൂല-ആക്കുളം-ആമയിഴഞ്ചാൻ തോട് പുനരുദ്ധാരണ പ്രൊജക്ട് | ജല വിഭവ വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 7 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ജലജീവൻ മിഷൻ പദ്ധതിക്കായി കുറ്റിപ്പുറത്ത് കിൻഫ്രയുടെ കൈവശമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് | ജല വിഭവ വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. ആന്റണി ജോൺ | തങ്കളം-കാക്കനാട് നാലുവരിപാത കിഫ്ബി പദ്ധതിയിൽ പൂർത്തിയാക്കൽ | ധനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. ആർ. മഹേഷ് | അയണി വേലികുളങ്ങരയിൽ IRE പുതുതായി ആരംഭിച്ച ഖനനം നിർത്തിവയ്ക്കുന്നതിന് | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 10 | ശ്രീ. വാഴൂർ സോമൻ | തോപ്പിൽ കടവ് പാലം പുനർനിർമ്മാണം | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 11 | ശ്രീ. ജി. സ്റ്റീഫൻ | ഹരിത കർമ്മ സേനയുടെ സേവന വേതന പരിഷ്കരണം | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ഭിന്നശേഷിക്കാരുടെ പെൻഷനും പുനരധിവാസവും | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 13 | ശ്രീ. ടി. സിദ്ദിഖ് | കൽപ്പറ്റയിലെ 5 കേരള എൻ.സി.സി. ബറ്റാലിയന്റെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 14 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 15 | ശ്രീ. എം. വിജിൻ | പൊതു വിദ്യാലയങ്ങളിലെ അധ്യാപക തസ്തിക നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 16 | ശ്രീ. ടി. ഐ. മധുസൂദനൻ | വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരി താളൂർ-ചേരമ്പാടി റോഡ് ഗതാഗതയോഗ്യമാക്കൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 18 | ശ്രീ. അനൂപ് ജേക്കബ് | പിറവം-പെരുവാമൂഴി, പിറവം-ആരക്കുന്ന് റോഡുകളുടെ പുനർനിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 19 | ശ്രീ. പ്രമോദ് നാരായൺ | ആറന്മുള ഉത്രട്ടാതി ജലോത്സവത്തിന് പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ് | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 20 | ശ്രീ. മോൻസ് ജോസഫ് | റേഷൻ വിതരണവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

<u>സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം:</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി അവതരിപ്പിച്ച 2022 - ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 ആഗസ്റ്റ് 10 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

(i) 2022 - ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(ii) 2023 - ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I - ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(iii) 2022 - ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് II - ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(iv) സബ്ജക്ട് കമ്മിറ്റി VI - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(v) 2022 - ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII - ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(vi) 2023 - ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ, 2023 - ലെ കേരള അബ്കാരി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII – ന്റെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(vii) സബ്ജക്ട് കമ്മിറ്റി XII - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും, 2023 - ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(viii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപ്പത് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(ix) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയാറ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(x) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെട്ട് മുതൽ ഇരുപത്തി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(xi) പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ധനകാര്യം :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വച്ചു.

നിയമനിർമ്മാണകാര്യം :

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും :

(i) 2023 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ 2023-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ശ്രീ. പി. കെ. ബഷീർ 2023 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയും, ശ്രീ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതിയും അവതരിപ്പിച്ച സംസാരിച്ചു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് 2023 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി II – ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി II - ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് 2023 - ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ അവതരിപ്പിക്കുകയും, പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. യു. ജനീഷ്കുമാറും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കുറുക്കോളി മൊയ്തീനും അവതരിപ്പിച്ച സംസാരിച്ചു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് 2023 - ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി XII – ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി XII - ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

<u>iii) 2023 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ</u>

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2023 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ അവതരിപ്പിക്കുകയും, പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIV - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. എസ്. അരുൺകുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി. യു. പ്രതിഭയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സജീവ് ജോസഫും അവതരിപ്പിച്ച് സംസാരിച്ചു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് 2023 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി XIV – ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി XIV - ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

<u>(iv) 2023 - ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ</u>

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ 2023 - ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. മാത്യു കുഴൽനാടൻ

2023 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയും, ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വാഴൂർ സോമൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതിയും അവതരിപ്പിച്ച സംസാരിച്ചു.

(ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിക്കുന്നതിനിടയിലുണ്ടായ ബഹളത്തെ തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് 2023 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി II – ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി II - ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(v) 2023 - ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ 2023 - ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ശ്രീ. കെ. പ്രേംകുമാർ 2023 - ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച സംസാരിച്ചു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2023 - ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി II – ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി II - ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(vi) 2023 - ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2023 - ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി VIII - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ 2023 - ലെ ഇന്ത്യൻ

പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു.

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2023 - ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി VIII - ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2023 സെപ്റ്റംബർ 11 - ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 04.37 - ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Ninth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, August 10, 2023*

**No. 116**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri N. Samsudheen and five other Members regarding the concern and protest among the general public reported to have arisen consequent to the death of Tamir Jifri, who was brutally beaten up after being taken into Police custody in Tanur.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri Thottathil Ravindran called the attention of the Minister for Revenue and Housing to the necessity to resolve the problems and complaints regarding conversion of land under the Kerala Conservation of Paddy and Wetland Act, 2008. The Minister made a statement thereto.

2. Shri P. K. Basheer called the attention of the Minister for Health and Woman and Child Development to the necessity to provide financial assistance to treat children who are affected with rare diseases including Spinal Muscular Atrophy. The Minister made a statement thereto.

*The Matters under Rule 304:*

The answers to the matters, notices for which was given by the Members under Rule 304 were laid on the table;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ജോയി | ദേശീയപാതാ വികസനത്തിന്റെ ഭാഗമായി വർക്കല-ശിവഗിരി വഴി അടയുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. വി. അൻവർ | യൂട്യൂബ് ചാനലുകളുടെ നിയന്ത്രണം | മുഖ്യമന്ത്രി |
| 3 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാസർഗോഡിലെ താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4 | ശ്രീ. ജോബ് മൈക്കിൾ | സചിവോത്തമപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ വാർഡ് | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 5 | ശ്രീ. ഷാഫി പറമ്പിൽ | നെൽ കർഷകരുടെ നെല്ല് സംഭരണവിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രൊജക്ട്, പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള ലൈൻ, കണ്ണമ്മൂല-ആക്കുളം-ആമയിഴഞ്ചാൻ തോട് പുനരുദ്ധാരണ പ്രൊജക്ട് | ജല വിഭവ വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 7 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ജലജീവൻ മിഷൻ പദ്ധതിക്കായി കുറ്റിപ്പുറത്ത് കിൻഫ്രയുടെ കൈവശമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് | ജല വിഭവ വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. ആന്റണി ജോൺ | തങ്കളം-കാക്കനാട് നാലുവരിപാത കിഫ്ബി പദ്ധതിയിൽ പൂർത്തിയാക്കൽ | ധനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. ആർ. മഹേഷ് | അയണി വേലികുളങ്ങരയിൽ IRE പുതുതായി ആരംഭിച്ച ഖനനം നിർത്തിവയ്ക്കുന്നതിന് | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 10 | ശ്രീ. വാഴൂർ സോമൻ | തോപ്പിൽ കടവ് പാലം പുനർനിർമ്മാണം | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 11 | ശ്രീ. ജി. സ്റ്റീഫൻ | ഹരിത കർമ്മ സേനയുടെ സേവന വേതന പരിഷ്കരണം | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ഭിന്നശേഷിക്കാരുടെ പെൻഷനും പുനരധിവാസവും | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 13 | ശ്രീ. ടി. സിദ്ദിഖ് | കൽപ്പറ്റയിലെ 5 കേരള എൻ.സി.സി. ബറ്റാലിയന്റെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 14 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 15 | ശ്രീ. എം. വിജിൻ | പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തിക നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 16 | ശ്രീ. ടി. ഐ. മധുസൂദനൻ | വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരി താളൂർ-ചേരമ്പാടി റോഡ് ഗതാഗതയോഗ്യമാക്കൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 18 | ശ്രീ. അനൂപ് ജേക്കബ് | പിറവം-പെരുവാമൂഴി, പിറവം-ആരക്കുന്ന് റോഡുകളുടെ പുനർനിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 19 | ശ്രീ. പ്രമോദ് നാരായൺ | ആറന്മുള ഉത്രട്ടാതി ജലോത്സവത്തിന് പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ് | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 20 | ശ്രീ. മോൻസ് ജോസഫ് | റേഷൻ വിതരണവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

*Motion for Extension of Time :*

The motion that the time for presentation of report of the Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale) Bill, 2022 be extended till August 10, 2023 moved by Smt. J. Chinchurani, Minister for Animal Husbandry and Dairy Development was adopted by the House.

*Presentation of Reports :*

(i) The Select Committee report on the Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale) Bill, 2022 was presented.

(ii) The report of the Subject Committee I on the Kerala Dairy Farmers' Welfare Fund (Amendment) Bill, 2023 was presented.

(iii) The report of the Subject Committee II on the Sree Pandaravaka Lands (Vesting and Enfranchisement) Amendment Bill, 2022 was presented.

(iv) The Periodical Report from 1st April 2022 to 31st March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 of Subject Committee VI was presented.

(v) The report of the Subject Committee VII on the Kerala Motor Transport Workers' Payment of Fair Wages(Amendment) Bill, 2022 was presented.

(vi) The report of the Subject Committee VIII on the Kerala Taxation Laws(Amendment) Bill, 2023 and the Kerala Abkari (Amendment) Bill, 2023 were presented.

(vii) The Periodical Report from 1st April 2022 to 31st March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 of the Subject Committee XII and the report on the Kerala Healthcare Service Institutions (Prevention of Violence and Damages to Property) Amendment Bill, 2023 of the Subject Committee XII were presented.

(viii) The thirty second to fortieth reports of the Committee on Public Accounts were presented.

(ix) The thirty sixth to forty fourth reports of the Committee on Local Fund Accounts were presented.

(x) The eighteenth to twenty second reports of the Committee on Subordinate Legislation were presented.

(xi) The second report of the Committee on Backward Classes was presented.

*Financial Business :*

Shri K. N. Balagopal, Minister for Finance laid on the table the Supplementary Financial Statement in the Budget for the fianancial year 2023-2024.

*Legislative Business :*

**Introduction and Motion for reference to Subject Committee of following Bills :**

*i) The Kerala Conservation of Paddy Land and Wetland (Amendment) Bill, 2023*

Shri K. Rajan, Minister for Revenue and Housing introduced the Kerala Conservation of Paddy Land and Wetland (Amendment) Bill, 2023 and moved that the Bill be referred to Subject Committee II. Then Shri P. K. Basheer moved an

amendment to circulate the Kerala Conservation of Paddy Land and Wetland (Amendment) Bill, 2023 for eliciting public opinion and Shri Kunhammed Kutti Master moved another amendment for referring the Bill to a Select Committee and spoke.

After the reply by Minister for Revenue and Housing, the amendment to circulate the Bill for eliciting public opinion was declared lost and the amendment for referring the Bill to a Select Committee was withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee II.

*ii) The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Bill, 2023*

Smt. Veena George, Minister for Health and Woman and Child Development introduced The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Bill, 2023 and moved that the Bill be referred to Subject Committee XII. Then Shri K. U. Jenish Kumar as authorised by Shri K. M. Sachindev moved an amendment to circulate the Bill for eliciting public opinion and Shri Kurukkoli Moideen moved another amendment for referring the Bill to a Select Committee and spoke.

After the reply by Minister for Health and Woman and Child Development, the amendment to circulate the Bill for eliciting public opinion was withdrawn by the leave of the House and the amendment for referring the Bill to a Select Committee was declared lost. Then the Motion was adopted and the Bill was referred to Subject Committee XII.

*iii) The Kerala Public Service Commission (Additional Functions as respects certain Corporation and Companies) Second Amendment Bill, 2023*

Shri P. Rajeeve, Minister for Law, Industries and Coir for Chief Minister introduced the Kerala Public Service Commission (Additional Functions as respects certain Corporation and Companies) Second Amendment Bill, 2023 and moved that the Bill be referred to Subject Committee XIV. Then Smt. U. Prathibha as authorised by Shri M. S. Arunkumar moved an amendment to circulate the Kerala Public Service Commission (Additional Functions as respects certain

Corporation and Companies) Second Amendment Bill, 2023 for eliciting public opinion and Shri Sajeev Joseph moved another amendment for referring the Bill to a Select Committee and spoke.

After the reply by Minister for Law, Industries and Coir, the amendment to circulate the Bill for eliciting public opinion was withdrawn by the leave of the House and the amendment for referring the Bill to a Select Committee was declared lost. Then the Motion was adopted and the Bill was referred to Subject Committee XIV.

*iv) The Kerala Government Land Assignment (Amendment) Bill, 2023*

Shri K. Rajan, Minister for Revenue and Housing introduced the Kerala Government Land Assignment (Amendment) Bill, 2023 and moved that the Bill be referred to Subject Committee II. Then Dr. Mathew Kuzhalnadan as authorised by Shri. P. C. Vishnunadh moved an amendment to circulate the Kerala Government Land Assignment (Amendment) Bill, 2023 for eliciting public opinion and Shri Vazhoor Soman as authorised by Shri G. S. Jayalal moved another amendment for referring the Bill to a Select Committee and spoke.

(The Members belonging to Opposition boycotted the remaining proceedings of the House following the uproar during the introduction of the amendment to circulate the bill for eliciting public opinion.)

After the reply by Minister for Revenue and Housing, the amendment to circulate the Bill for eliciting public opinion was declared lost and the amendment for referring the Bill to a Select Committee was withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee II.

*v) The Kerala Building Tax (Amendment) Bill, 2023*

Shri K. Rajan, Minister for Revenue and Housing introduced the Kerala Building Tax (Amendment) Bill, 2023 and moved that the Bill be referred to Subject Committee II. Then Shri K. Premkumar moved an amendment to circulate the Kerala Government Land Assignment (Amendment) Bill, 2023 for eliciting public opinion and spoke.

After the reply by Minister for Revenue and Housing, the amendment moved was withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee II.

*vi) The Indian Partnership (Kerala Amendment) Bill, 2023*

Shri K. N. Balagopal, Minister for Finance introduced the Indian Partnership (Kerala Amendment) Bill, 2023 and moved that the Bill be referred to Subject Committee VIII. Then Shri E. T. Taison Master as authorised by Shri C. C. Mukundhan moved an amendment to circulate the Indian Partnership (Kerala Amendment) Bill, 2023 for eliciting public opinion and spoke.

After the reply by Minister for Finance, the amendment moved was withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee VIII.

The House adjourned at 4.37 p.m. to meet again at 9.00 a.m on Monday September 11, 2023.

A. M. BASHEER,

*Secretary.*